# പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട നിയമസഭാ ചോദ്യം നം. 461 27/06/2019-ൽ മറുപടിക്ക്

## കാൻസർ ചികിത്സയ്ക്ക് മാർഗ്ഗരേഖ

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.അൻവർ സാദത്ത്<br>,, തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>,, പി.ടി. തോമസ്<br>,,വി.റ്റി. ബൽറാം** | | **കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിതാ ശിശു വികസനവും വകുപ്പുമന്ത്രി)** | |
| എ) | കാൻസർ രോഗചികിത്സയ്ക്ക് മാർഗ്ഗരേഖ നിലവിലുണ്ടോ; വിശദമാക്കുമോ; | എ) | നിലവിൽ അന്താരാഷ്ട്ര തലത്തിലും ദേശീയ തലത്തിലും കാൻസർ ചികിത്സ മാർഗ്ഗരേഖകൾ നിലവിലുണ്ട്. ഇതിനെല്ലാം പുറമെ അതാത് ക്യാൻസർ സെന്ററുകളിലും മെഡിക്കൽ കോളേജുകളിലും അവരുടെ ഭൗതിക സാഹചര്യവും രോഗിയുടെ രോഗാവസ്ഥകളും പരിഗണിച്ച് ഡിപ്പാർട്ട്മെന്റ് തലത്തിൽ ചർച്ച നടത്തി ത്രിതല പരിശോധനകൾ നടത്തിയാണ് ചികിത്സ നിർണ്ണയിക്കുന്നത്. ക്യാൻസർ ചികിത്സയ്ക്കുള്ള മാർഗരേഖ സംസ്ഥാന തലത്തിൽ തയ്യാറാക്കാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു |
| ബി) | അർബുദരോഗമില്ലാത്ത രജനി എന്ന വീട്ടമ്മയെ കോട്ടയം മെഡിക്കൽ കോളേജിൽ അർബുദ ചികിത്സയ്ക്ക് വിധേയയാക്കിയിട്ടുണ്ടോ; ഇക്കാര്യത്തെക്കുറിച്ച് ലഭിച്ച പരാതിയുടെ അടിസ്ഥാനത്തിൽ അന്വേഷണം നടത്തിയോ; | ബി) | ചികിത്സക്കായി കോട്ടയം മെഡിക്കൽ കോളേജിൽ എത്തിയിരുന്ന ശ്രീമതി രജനി അർബുദരോഗ ചികിത്സയുടെ ഭാഗമായി നല്കുന്ന കീമോതെറാപ്പിക്ക് വിധേയയായിട്ടുണ്ട്. ഇക്കാര്യത്തിൽ ലഭിച്ച പരാതിയുടെ അടിസ്ഥാനത്തിൽ മെഡിക്കൽ കോളേജ് പ്രിൻസിപ്പൽ പ്രാഥമിക അന്വേഷണം |

| | | | |
|---|---|---|---|
| | | | നടത്തുകയും ടി അന്വേഷണത്തിൽ ചികിത്സ പിഴവുള്ളതായി കണ്ടെത്തിയിട്ടില്ലായിരുന്നു. ഈ സാഹചര്യത്തിൽ ടി സംഭവവുമായി ബന്ധപ്പെട്ട് മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ ഉന്നതതല കമ്മിറ്റി രൂപീകരിച്ച് അന്വേഷണം നടത്തി വരുന്നു. |
| സി) | ഏത് സാഹചര്യത്തിലാണ് കോട്ടയം മെഡിക്കൽ കോളേജിൽ പ്രസ്തുത യുവതിയ്ക്ക് അർബുദ ചികിത്സ നടത്തേണ്ടി വന്നതെന്ന് വ്യക്തമാക്കുമോ; | സി) | ഇപ്പോൾ നടന്നു വരുന്ന അന്വേഷണം പൂർത്തിയാകുന്ന മുറയ്ക്ക് മാത്രമേ ഈ കാര്യത്തിൽ വ്യക്തത വരുത്തുവാൻ സാധിക്കുകയുള്ളു. |
| ഡി) | കാൻസർ ചികിത്സ സംബന്ധിച്ച മാർഗ്ഗരേഖ പാലിക്കുന്നതിൽ ഡോക്ടർമാരുടെ ഭാഗത്ത് നിന്നും എന്തെങ്കിലും പാകപ്പിഴ സംഭവിച്ചതായി കണ്ടെത്തിയിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ? | ഡി) | കോട്ടയം മെഡിക്കൽ കോളേജ് പ്രിൻസിപ്പാൾ പ്രാഥമികമായി നടത്തിയ അന്വേഷണ റിപ്പോർട്ടിൽ കാൻസർ ചികിത്സ സംബന്ധിച്ച മാർഗ്ഗരേഖ പാലിക്കുന്നതിൽ ഡോക്ടർമാരുടെ ഭാഗത്ത് നിന്നും എന്തെങ്കിലും വീഴ്ചയുള്ളതായി കണ്ടെത്തിയിട്ടില്ല. എന്നിരുന്നാലും ടി വിഷയത്തിന്റെ പ്രാധാന്യം കണക്കിലെടുത്ത് ഒരു ഉന്നതതല കമ്മിറ്റി രൂപീകരിച്ച് വീണ്ടും അന്വേഷണം നടത്തിവരികയാണ്. |

സെക്ഷൻ ഓഫീസർ.